"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - പറപ്പൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. നാരായണപിള്ളയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.580/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/03/2019

---

പരാമർശം:- 1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ട് 76-ാം ഖണ്ഡിക

2 സർക്കാരിന്റെ 20.06.2017-ലെ 75/ഇപിബി3/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 ശ്രീ. കെ. നാരായണപിള്ള സമർപ്പിച്ച 23.12.2017-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018-ലെ ഡി4-36049/14 നമ്പർ കത്ത്

## ഉത്തരവ്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)-യുടെ 24-ാമത് റിപ്പോർട്ടിൽ പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. നാരായണപിള്ള 21.01.1999 മുതൽ 14.06.1999 വരെയുള്ള കാലയളവിൽ വിവിധ പ്രവർത്തികളിലായി ചട്ടവിരുദ്ധമായി തുക ചെലവഴിക്കുകയും തുക ചെലവഴിച്ചത് സംബന്ധിച്ച വൗച്ചറുകളും രേഖകളും സൂക്ഷിക്കാതിരിക്കുകയും വഴി ആകെ 2,27,000/- രൂപയുടെ ഓഡിറ്റ് തടസ്സം രേഖപ്പെടുത്തുകയുണ്ടായി. പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ യഥാവിധി പാലിക്കുന്നതിൽ വീഴ്ചയുണ്ടായതു മൂലമാണ് സർക്കാർ ധനത്തിന്റെ ദുർവ്വിനിയോഗത്തിനും അതുവഴി ഓഡിറ്റ് പരാമർശത്തിനും കാരണമെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. നാരായണപിള്ളയ്ക്കെതിരെ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം ചട്ടം 59(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. നാരായണപിള്ള പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. നാരായണ പിള്ളയുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. കെ. നാരായണ പിള്ളയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പറപ്പൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. നാരായണ പിള്ളയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (ഓഡിറ്റ് റിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ. നാരായണ പിള്ള, മുൻ സെക്രട്ടറി, പറപ്പൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/75/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ